# പാറശ്ശാല

ഭദ്രാസന ബുള്ളറ്റിൻ

വാല്യം 4 ഏപ്രിൽ 2021 ലക്കം 2

## ഉള്ളടക്കം


| | |
|---|---|
| ഇടയശബ്ദം | 2 |
| സർക്കുലർ (ഹാശാ ആഴ്ച) | 4 |
| സഭാ വാർത്തകൾ | 7 |
| ഭദ്രാസന വാർത്തകൾ | 13 |
| വിശ്വാസ പരിശീലന കാര്യാലയം | 14 |
| സൊസൈറ്റി ഓഫ് സെന്റ് വിൻസെന്റ് ഡി പോൾ | 15 |
| എം.സി.വൈ.എം. | 16 |
| എം.സി.എ. | 22 |
| മാതൃവേദി | 23 |
| കുടുംബപ്രേഷിത കാര്യാലയം | 24 |
| KIDS | 25 |
| വിദ്യാഭ്യാസം | 27 |
| ബൈബിൾ അപ്പസ്തോലേറ്റ് | 30 |



*Patron*
His Excellency
Thomas Mar Eusebius

*Chief Editor*
Fr. Sheen Thankalayam

*Managing Editor*
Msgr. Selin Jose
Konathuvila

*Printed & Published By*
Very Rev. Fr. Hormis
Puthenveettil


*(Private Circulation Only)*

# ഇടയശബ്ദം



**കോവിഡ്** പകർച്ചവ്യാധി സംജാതമാക്കിയ വലിയ നിയന്ത്രണങ്ങളിൽനിന്ന് നാം സാവധാനം സാധാരണ ജീവിതത്തിലേക്ക് നടന്നടുക്കുകയാണല്ലോ. ഒരുപക്ഷേ ഈ പകർച്ചവ്യാധിയുടെ നിയന്ത്രണങ്ങൾ ഏറ്റവും ഗൗരവമായി ബാധിച്ച ഒരു തലം നമ്മുടെ സഭാത്മക ജീവിതവും ആരാധനാ ജീവിതവും ആയിരുന്നു. അനേക മാസങ്ങളായി ദൈവാലയത്തിൽ വരുവാനും സജീവമായ ആരാധനയിൽ സംബന്ധിക്കുവാനും സഭാ ജീവിത കൂട്ടായ്മയുടെ വൈവിധ്യമാർന്ന നന്മകൾ അനുഭവിക്കുവാനും ഒന്നും നമുക്ക് സാധിക്കാത്ത ഒരു സാഹചര്യത്തിലൂടെയാണ് നാം കടന്നുപൊയ്ക്കൊണ്ടിരുന്നത്. അല്പമായിട്ടാണെങ്കിലും ഈയൊരു അവസ്ഥയിൽ, പ്രത്യേകിച്ച് കോവിഡിന്റെ നിയന്ത്രണങ്ങളിൽ, വന്ന ഇളവ് നമുക്ക് വലിയ ആശ്വാസമാണ്. കോവിഡ് കാലയളവിൽ നമുക്ക് നിഷേധിക്കപ്പെട്ട സഭാത്മക ജീവിതത്തിൻറെ നന്മകൾ വീണ്ടെടുക്കുവാനും കൂടുതൽ ഉദാത്തമായി അവ ജീവിക്കുവാനും നമുക്ക് ജാഗ്രതയോടെ പരിശ്രമിക്കാം.

കോവിഡ് പകർച്ചവ്യാധി നമ്മുടെ ജീവിതങ്ങളെ വല്ലാതെ ഭാരപ്പെടുത്തിയെങ്കിലും അസാധാരണമായ ഈ ജീവിതാനുഭവത്തിൽ നിന്നും ചില നല്ല പാഠങ്ങൾ ഉൾക്കൊള്ളുവാൻ നമ്മൾ സന്നദ്ധരാകണം. ഒരു പക്ഷേ നമ്മൾ ശീലിച്ചുവന്ന പ്രബലമായ ചില ജീവിതരീതികളും, അവലംബിച്ചിരുന്ന ചില ബോധ്യങ്ങളും ഒരു പുനർവിചിന്തനത്തിന് വിധേയമാക്കുവാനുള്ള ഒരു വിളി ഈ പകർച്ചവ്യാധി നമുക്ക് നൽകുന്നുണ്ട്. വളരെ ശബ്ദമുഖരിതമായ ഒരു അന്തരീക്ഷത്തിൽ പലപ്പോഴും അത്ര പ്രസക്തമല്ലാത്ത ഒരു പ്രവർത്തനനിരതയുടെ ജീവിതശൈലി നാം സ്വന്തമാക്കിയിരുന്നു. ആത്മാവില്ലാത്ത ആഘോഷങ്ങളും ആരവങ്ങളും, അർഥമില്ലാത്ത വാഗ്ധോരണികളും ശബ്ദവർണ്ണകോലാഹലങ്ങളും, ലക്ഷ്യമില്ലാത്ത കൂടിവരവുകളും ആൾക്കൂട്ടങ്ങളും കാഴ്ചയുടെ വിസ്മയങ്ങളും നമ്മുടെ സമൂഹജീവിതത്തെയും ഒരു പരിധിവരെ നമ്മുടെ സഭാജീവിതത്തെയും വ്യാഖ്യാനിച്ചിരുന്ന ഒരു അവസ്ഥ ഇവിടെയുണ്ടായിരുന്നു. കോവിഡ് കാലത്തെ നിയന്ത്രണങ്ങൾ ഇവയ്ക്കൊക്കെ ഒരു കടിഞ്ഞാണിടുവാൻ സഹായിച്ചു. അനാവശ്യമായ ഔപചാരികതകളും ഉപരിപ്ലവതയും പ്രദർശനപരതയും നമ്മുടെ പ്രവർത്തനങ്ങളെ സ്വാധീനിച്ചിരുന്ന ഒരു സംസ്കാരത്തിൽനിന്നും വ്യത്യസ്തമായി

കുറേക്കൂടെ ഉൾക്കാമ്പുള്ള, കഴമ്പുള്ള ഒരു സംസ്കാരത്തിന്റെ സാക്ഷ്യം കോവിഡ് അനുഭവം നമ്മിൽനിന്ന് ആവശ്യപ്പെടുന്നു.

കാലത്തിന്റെ കുത്തൊഴുക്കിൽ നമുക്ക് കൈമോശം വന്ന നമ്മുടെ സംസ്കാരത്തിന്റെ ഒരു പ്രധാന മാനത്തിലേക്ക്, മർമ്മത്തിലേക്ക്, കോവിഡ് നമ്മെ ക്ഷണിക്കുന്നു നിശബ്ദതയുടെ, ധ്യാനത്തിന്റെ, ആന്തരികതയുടെ, അഗാധതയുടെ ഒരു സംസ്കൃതി. സ്മാർട്ട് ഫോണുകളുടെ ദുരുപയോഗ ത്തിൻറെ സാധ്യതയും നിരവധിയായ 'ആപ്പു'കളുടെ സാന്നിധ്യവും, അനു സ്യൂതം നമ്മുടെ ഫോണിൽ എത്തുന്ന (അനാവശ്യ) സന്ദേശങ്ങളുടെ പെരുമഴയും സാമൂഹ്യമാധ്യമങ്ങൾ സംജാതമാകുന്ന ആത്മരതിയുടെയും 'ആളാകലി'ന്റെയും അനാരോഗ്യപരമായ വാഗ്വാദങ്ങളുടെയും സംസ്കാരവും നമ്മുടെ ജീവിതത്തിൽ അടിസ്ഥാനപരമായി ഉണ്ടായിരിക്കേണ്ട ഏകാന്തത യുടെയും ധ്യാനാത്മകതയുടെയും ഇടം നിശേഷം ഇല്ലാതാക്കുന്നു. വെള്ള ത്തിൽ ഒഴുകിനടക്കുന്ന വ്യക്തിത്വങ്ങളായി തീരുവാൻ ഈ സംസ്കാരം നമ്മെ നിർബന്ധിക്കുന്നു. ഇവിടെയാണു കോവിഡ്കാലവും ക്വാറൈന്റി നുമൊക്കെ നമ്മെ പഠിപ്പിച്ച നിശബ്ദതയുടെ, ധ്യാനത്തിന്റെ, ആന്തരികത യുടെ പ്രാധാന്യം നാം തിരിച്ചറിയേണ്ടത്. യേശുനാഥൻ തന്റെ ശിഷ്യന്മാരോട് 'ആഴങ്ങളിൽ വലയെറിയുവാൻ' ആവശ്യപ്പെട്ടു. കുറെക്കൂടെ വേരുള്ളവരായി, ആഴങ്ങളിൽ വ്യാപരിക്കുന്നവരായി തീരുവാൻ നമുക്ക് സാധിക്കണം. ബാഹ്യവർണ്ണങ്ങളിൽ നമ്മുടെ കാഴ്ചയുടെ സാധ്യതയെയും ബാഹ്യശബ്ദ ങ്ങളിൽ നമ്മുടെ കേൾവിയുടെ സാധ്യതയെയും പരിമിതപ്പെടുത്താതെ വർണ്ണങ്ങൾക്കും ശബ്ദങ്ങൾക്കും അപ്പുറമുള്ള, അവയ്ക്ക് അതീതമായ, ആത്മാവിനെ സ്പർശിക്കുന്ന ഉൾക്കാഴ്ചയുടെ, യഥാർത്ഥ ശ്രവണത്തിന്റെ, ശക്തി വീണ്ടെടുക്കുവാൻ നമുക്ക് സാധിക്കണം. ഇതിന് ആവശ്യം നിശബ്ദത യാണ്, ഏകാന്തതയാണ്, ധ്യാനമാണ്, ആഴമുള്ള, ഗൗരവമുള്ള വിചിന്തനാ ഭിമുഖ്യമാണ്. കോവിഡ്പകർച്ചവ്യാധി നമ്മെ പഠിപ്പിക്കുന്ന ഒരു പ്രധാന പാഠം ഇതായിരിക്കട്ടെ!

+ Eusebius

✠ തോമസ് മാർ യൗസേബിയോസ്

# THE SYRO-MALANKARA CATHOLIC CHURCH

**MORAN MOR BASELIOS CARDINAL CLEEMIS**
MAJOR ARCHBISHOP-CATHOLICOS

Major Archiepiscopal Curia
Catholicate Centre
Pattom, Trivandrum-695004

Prot.No. CCL 2/2021

25-03-2021

## ഹാശാ ആഴ്ച – 2021

അഭിവന്ദ്യ പിതാക്കന്മാരെ, ബഹുമാനപ്പെട്ട വൈദികരെ, സമർപ്പിതരെ, സഭാമക്കളെ,

നമ്മുടെ കർത്താവിന്റെ സ്നേഹവും സമാധാനവും!

കഴിഞ്ഞ വർഷം വിശ്വാസികളുടെ സജീവപങ്കാളിത്തം ദൈവാലയങ്ങളിൽ സാധ്യമല്ലായിരുന്നെങ്കിലും, ഹാശാആഴ്ചാശുശ്രൂഷകൾ മുടങ്ങാതെ നമ്മൾ അനുഷ്ഠിച്ച് അനുഗ്രഹം പ്രാപിച്ചു. കോവിഡ്–19 മഹാമാരിയുടെ വ്യാപനം കുറഞ്ഞുവരുന്നു എങ്കിലും അതീവശ്രദ്ധയും കരുതലും ഇനിയും പുലർത്തേണ്ടത് ആവശ്യമാണ്. കഴിഞ്ഞ വർഷത്തിൽ നിന്നും ഏറെ വ്യത്യാസത്തോടെ കൂടുതൽ വിശ്വാസികളുടെ പങ്കാളിത്തത്തോടെ ഹാശാ ആഴ്ചയിലെ ശുശ്രൂഷകൾ നടത്തുവാൻ ഇടയാക്കുന്ന ദൈവകരുണയ്ക്ക് നന്ദി അർപ്പിക്കാം.

കൊറോണാ വൈറസ്ബാധയുടെ പശ്ചാത്തലത്തിൽ കോവിഡ് പ്രോട്ടോകോൾ പാലിച്ചുവേണം എല്ലാ ശുശ്രൂഷകളും ക്രമീകരിക്കേണ്ടത്.

### ഹാശാആഴ്ച – 2021, നിർദ്ദേശങ്ങൾ

1. **ഓശാന ഞായർ**

എല്ലാ പള്ളികളിലും ഓശാന ശുശ്രൂഷ നടത്തണം. കോവിഡ് –19 പ്രോട്ടോകോൾ അനുസരിച്ച് വിശ്വാസികളുടെ പങ്കാളിത്തം ക്രമീകരിക്കുക.

അണുനശീകരണം നടത്തിയ കുരുത്തോലകൾ വാഴ്ത്തി വിശ്വാസികൾക്ക് നൽകണം.

രാവിലെ 7.00 മുതൽ10.30 വരെ- പൊതുവായ Live Telecast നമ്മുടെ Malankara Catholic TV-ൽ ഉണ്ടായിരിക്കുന്നതാണ്.

**2. പെസഹാവ്യാഴം**

- പെസഹാ കുർബാന ഇടവക ജനത്തിനുവേണ്ടി അർപ്പിക്കേണ്ട താണ്. വി. കുർബാനയുടെ ആരാധന ക്രമീകരിക്കാവുന്നതാണ്.
- കിടപ്പുരോഗികൾക്കും പ്രായാധിക്യത്താൽ ദൈവാലയത്തിൽ എത്താൻ സാധിക്കാത്തവർക്കും വേണ്ട കോവിഡ് മുൻകരുത ലുകൾ പാലിച്ചുകൊണ്ട് വി. കുർബാന വൈദികർ ഭവനങ്ങ ളിൽ എത്തി നൽകണം.
- ഉച്ചകഴിഞ്ഞ് 3 മുതൽ കാൽകഴുകൽ ശുശ്രൂഷയുടെയും വി. കുർബാനയുടെയും Live Telecast നമ്മുടെ Malankara Catholic TV-ൽ ഉണ്ടായിരിക്കുന്നതാണ്.

**3. ദു:ഖവെള്ളി**

ദൈവാലയങ്ങളിൽ ബഹുമാനപ്പെട്ട വൈദികർ ദു:ഖവെള്ളി യുടെ പ്രാർത്ഥനകളും കബറടക്ക ശുശ്രൂഷകളുൾപ്പെടെയുള്ള എല്ലാ ശുശ്രൂഷകളും നടത്തുക. പൊതുവായി ദൈവാലയത്തിന് പുറത്തു കൂടി (ദൈവാലയം ചുറ്റിയുള്ള) പ്രദക്ഷിണം/സ്ലീബാപാത നടത്താം. എന്നാൽ പൊതുനിരത്തിലൂടെ സ്ലീബാപാത ഈ വർഷം നടത്തേണ്ടതില്ല.

സ്ലീബാ വന്ദനവിൽ കുരിശ് മുത്തുന്നതിനുപകരം സ്ലീബായുടെ മുൻപിൽ മുട്ടുകുത്തി തലവണങ്ങിയാൽ മതിയാകും. സ്ലീബായും വി. ഗ്രന്ഥവും ഒരു ചെറിയ മേശമേൽ വച്ച്, രണ്ടുവരിയായി, അകലം പാലിച്ച്, വിശ്വാസികൾ സ്ലീബായുടെ മുമ്പിൽ വന്ന് തലവണങ്ങി നേർച്ച സമർപ്പിച്ച് തിരികെ പോവുക.

രാവിലെ 11-ന് ദുഃഖവെള്ളി ശുശ്രൂഷകളുടെ Live Telecast നമ്മുടെ Malankara Catholic TV-ൽ ആരംഭിക്കുന്നതാണ്.

**4. ഉയിർപ്പുഞായർ**

ഉയിർപ്പുതിരുനാളിൽ സമാധാനം ആശംസിക്കുമ്പോൾ കാർമ്മി കൻ സ്ലീബാ, ബലിപീഠം, ഏവൻഗേലിയോൻ ഇവ മുത്തിയ ശേഷം വിശ്വാസികൾക്ക് സമാധാനം ആശംസിക്കണം. വിശ്വാ സികൾ കൈകൂപ്പി തലവണങ്ങി പരസ്പരം സമാധാനം ആശംസിക്കണം.

വി. കുർബാനയ്ക്കുശേഷം സ്ലീബാ നമസ്കാര മേശയിൽ പ്രതിഷ്ഠിച്ച് വിശ്വാസികൾക്ക് വണങ്ങാൻ സൗകര്യം ചെയ്യണം. വിശ്വാസികൾ നമസ്കാര മേശയുടെ മുൻപിലെത്തി സ്ലീബായുടെ മുൻപൽ തലവണങ്ങി അനുഗ്രഹം പ്രാപിച്ചാൽ മതി.

വൈകുന്നേരം 7.00 മുതൽ (03-04-2021, ശനി) 10.00 വരെ Live Telecast ഉണ്ടായിരിക്കുന്നതാണ്.

അഭിവന്ദ്യ പിതാക്കന്മാർക്കും ബഹുമാനപ്പെട്ട വൈദികർക്കും സമർപ്പിതർക്കും സഭാമക്കൾക്കും ഹാശാ ആഴ്ചയുടേയും ഉയർപ്പു തിരുനാളിന്റെയും മംഗളങ്ങളും അനുഗ്രഹങ്ങളും ഞാൻ സന്തോഷ പൂർവ്വം നേരുന്നു. ഉത്ഥിതനായ നമ്മുടെ കർത്താവ് ഏവരേയും അനുഗ്രഹിക്കട്ടെ!

സ്നേഹത്തോടെ,



**✠കർദ്ദിനാൾ ബസേലിയോസ് ക്ലീമിസ് ബാവാ**
മലങ്കരസുറിയാനി കത്തോലിക്കാസഭയുടെ
മേജർആർച്ച്ബിഷപ്പ്-കാതോലിക്കോസ്.

കാതോലിക്കേറ്റ് സെന്റർ
പട്ടം

# മലങ്കര സുറിയാനി കത്തോലിക്കാ സഭ

## 25-ാമത് സാധാരണ പരിശുദ്ധ എപ്പിസ്ക്കോപ്പൽ



## സുന്നഹദോസ്

മലങ്കര സുറിയാനി കത്തോലിക്കാ സഭയുടെ ഇരുപത്തിയഞ്ചാമത് സാധാരണ പരിശുദ്ധ എപ്പിസ്ക്കോപ്പൽ സുന്നഹദോസ് 2021 ഫെബ്രുവരി 22 വൈകുന്നേരം 6 മണി മുതൽ തിരുവനന്തപുരം പട്ടം കാതോലിക്കേറ്റ് സെന്ററിലെ വി. ജോൺ പോൾ രണ്ടാമൻ സുന്നഹദോസ് ഹാളിൽ സഭയുടെ തലവനും പിതാവുമായ മേജർ ആർച്ചുബിഷപ്പ് മോറാൻ മോർ ബസേലിയോസ് കർദ്ദിനാൾ ക്ലീമിസ് കാതോലിക്കാബാവായുടെ അദ്ധ്യക്ഷതയിൽ നടന്നു. സുന്നഹദോസ് സെക്രട്ടറി അഭിവന്ദ്യ ആർച്ചുബിഷപ്പ് തോമസ് മാർ കൂറിലോസ്, അഭിവന്ദ്യരായ ജോഷാ മാർ ഇഗ്നാത്തിയോസ്, ജോസഫ് മാർ തോമസ്, ജേക്കബ് മാർ ബർണബാസ്, സാമുവൽ മാർ ഐറേനിയോസ്, ഫിലിപ്പോസ് മാർ സ്തേഫാനോസ്, തോമസ് മാർ അന്തോണിയോസ്, വിൻസെന്റ് മാർ പൗലോസ്,

തോമസ് മാർ യൗസേബിയൂസ്, ഗീവർഗ്ഗീസ് മാർ മക്കാറിയോസ്, യൂഹാനോൻ മാർ ക്രിസോസ്റ്റം, ഏബ്രാഹം മാർ യൂലിയോസ് എന്നീ പിതാക്കന്മാർ സംബന്ധിച്ചു.

"കർത്താവിൽ ആശ്രയിക്കുന്നവനെ അവിടുത്തെ സ്നേഹം വലയംചെയ്യും" (സങ്കീ. 32:10) എന്ന ആഹ്വാനത്തോടെ 25-ാം സാധാരണ പരിശുദ്ധ എപ്പിസ്ക്കോപ്പൽ സുന്നഹദോസ് ഔദ്യോഗികമായി ആരംഭിച്ചതായി അത്യഭിവന്ദ്യ കാതോലിക്കാബാവാ തിരുമേനി പ്രഖ്യാപിച്ചു. അത്യഭിവന്ദ്യ കാതോലിക്കാബാവാ തിരുമേനിയുടെ ആമുഖ പ്രസംഗത്തിൽ, കോവിഡ്-19 മഹാമാരിയുടെ പശ്ചാതലത്തിൽ, ഇപ്രാവശ്യത്തെ സുന്നഹദോസ് ഏറെ പ്രത്യേകതകൾ നിറഞ്ഞതാണെന്നും ദൈവത്തിന്റെ വലിയ കാരുണ്യം നമ്മെ വഴിനടത്തട്ടേ എന്നും ഓർമ്മപ്പെടുത്തി. വിശ്വാസവും ക്രൈസ്തവ ജീവിതവും ഏറ്റവുമധികം ചോദ്യം ചെയ്യപ്പെടുന്ന കാലയളവിൽ എല്ലാ പ്രതിസന്ധികളെയും ദൈവാശ്രയത്തിൽ അതിജീവിക്കാൻ നമ്മുക്ക് സാധിക്കണം എന്നും അത്യഭിവന്ദ്യ ബാവാ തിരുമേനി ഓർമ്മപ്പെടുത്തി. തുടർന്ന് അഭിവന്ദ്യ പിതാക്കന്മാരെ ഹൃദ്യമായി സ്വാഗതം ചെയ്ത് സുന്നഹദോസിന്റെ തുടർന്നുള്ള സെഷനുകളിലേക്ക് പ്രവേശിക്കുകയും ചെയ്തു.

ഈ അവസരത്തിൽ കാതോലിക്കാ ദിനത്തിന്റെ സംഭാവനകൾ അഭിവന്ദ്യ പിതാക്കന്മാർ അത്യഭിവന്ദ്യ ബാവാതിരുമേനിക്ക് സമർപ്പിച്ചു.

മലങ്കര മേജർ സെമിനാരിയിലെ വൈദിക പരിശീലനപ്രക്രിയ സുന്നഹദോസ് പ്രത്യേകമായി വിലയിരുത്തി സുന്നഹദോസ് വേണ്ട നിർദ്ദേശങ്ങൾ നൽകി. മേജർ ആർക്കിഎപ്പിസ്ക്കോപ്പൽ കൂരിയായുടെ വരവു-ചിലവ് കണക്കുകൾ മേജർ ആർക്കിഎപ്പിസ്ക്കോപ്പൽ കൂരിയായുടെ സാമ്പത്തിക ചുമതല ഇപ്പോൾ വഹിക്കുന്ന വെരി റവ. ഡോ. ആന്റണി കാക്കനാട്ട് അവതരിപ്പിച്ചു.

നാടാർ സമുദായത്തിലെ എല്ലാവർക്കും സംവരണം ലഭിക്കുന്നതിനുവേണ്ടി ധീരമായ നേതൃത്വം നൽകി പ്രയത്നിച്ച അത്യഭിവന്ദ്യ കാതോലിക്കാബാവാ തിരുമേനിയെ പരിശുദ്ധ സുന്നഹദോസ് ഐക്യകണ്ഠേന അനുമോദിച്ചു. ഇപ്പോഴത്തെ ഗവൺമെന്റിന്റെ നിശ്ചയ ദാർഢ്യത്തെ സുന്നഹദോസ് പ്രത്യേകം അഭിനന്ദിച്ചു, നന്ദിയർപ്പിച്ചു.

മലങ്കര സഭയിൽ ശ്രേഷ്ഠമായ ശുശ്രൂഷകൾ നിർവഹിച്ച വന്ദ്യ

ഡോ. ഗീവർഗീസ് ചേടിയത്ത് മല്പാൻ, ബഹു. സൈമൺ എലുവത്തിങ്കൽ അച്ചൻ, മോൺ. ലാംബർട്ട് വാൻഡൻ ഹോഫൻ എന്നിവരുടെ ദേഹവിയോഗത്തിൽ സുന്നഹദോസ് അനുശോചനം രേഖപ്പെടുത്തി.

വയനാട്, ഇടുക്കി തുടങ്ങിയ മലയോരപ്രദേശങ്ങളിലെ പരിസ്ഥിതിലോല വിഷയവുമായി ബന്ധപ്പെട്ട് അവിടുത്തെ ജനങ്ങളുടെ ഭാരങ്ങളും ബുദ്ധിമുട്ടുകളും കുറയ്ക്കുവാൻ ഗവണ്മെന്റ് ശ്രദ്ധിക്കണമെന്ന് പരി. സുന്നഹദോസ് അഭിപ്രായപ്പെട്ടു. ക്രിസ്ത്യാനികൾക്കിടയിലെ പിന്നോക്ക അവസ്ഥകൾ പഠിക്കുന്നതിനായി നിയോഗിച്ച ജസ്റ്റിസ് ബഞ്ചമിൻ കോശി കമ്മീഷനെ സ്വാഗതംചെയ്തു. ഇതിനായുള്ള ഗവണ്മെന്റിന്റെ നീക്കത്തെ ശ്ലാഘിച്ചു. കോവിഡിന്റെ പശ്ചാത്തലത്തിൽ ഗവണ്മെന്റിന്റെ നിർദ്ദേശങ്ങൾ പാലിച്ചുകൊണ്ട് നമ്മുടെ ദൈവാലയങ്ങളിലെ സണ്ടേസ്കൂൾ, മറ്റ് പൊതുപ്രവർത്തനങ്ങൾ എന്നിവ മുന്നോട്ടുകൊണ്ടുപോകുവാൻ ശ്രമിക്കണമെന്ന് തീരുമാനിച്ചു.

ഇടവക എന്നത് ആത്മീയ സുസ്ഥിതിക്ക് പുറമേ നല്ല പ്രവർത്തനങ്ങൾ കൂടി കാഴ്ചവയ്ക്കേണ്ട ഇടമാകണമെന്ന് പിതാക്കന്മാർ അഭിപ്രായപ്പെട്ടു. ഇതിനായി 'മാർ ഈവാനിയൻ ഗുഡ് ഹെൽത്ത് ഫോറം' എന്ന വലിയ പദ്ധതിയിലൂടെ ആരോഗ്യം, അയൽക്കാർ, ഭൂമി സംരക്ഷണം, വെള്ളം, വായു, അടുക്കളത്തോട്ടം, ആരോരുമില്ലാത്തവർക്കുവേണ്ട സഹായ സഹകരണം എന്നിവയ്ക്കായി നമ്മുടെ ഇടവകയിലെ സന്നദ്ധസംഘടനകൾ ഇറങ്ങി പ്രവർത്തിക്കുകയും വിവിധ ഭദ്രാസനങ്ങളിൽ രൂപം നൽകിയിട്ടുള്ള 'കോവിഡ് സമരിറ്റൻസി'നെ ശക്തിപ്പെടുത്തുകയും ചെയ്യണമെന്ന് സുന്നഹദോസ് നിർദ്ദേശിച്ചു.

**വി. യൗസേപ്പ് പിതാവിന്റെ വർഷാചരണം സംബന്ധിച്ച് പരിശുദ്ധ സുന്നഹദോസ താഴെപ്പറയുന്ന തീരുമാനങ്ങൾ കൈക്കൊണ്ടു:**

പരി. ഫ്രാൻസിസ് മാർപാപ്പായുടെ ആഹ്വാന പ്രകാരം (*Patris Corde*, 8 December 2020) മലങ്കര സുറിയാനി കത്തോലിക്കാസഭയുടെ എല്ലാ ഭദ്രാസനങ്ങളിലും ഇടവകകളിലും വി. യൗസേപ്പ് പിതാവിന്റെ വർഷം സമുചിതമായി ആചരിക്കാൻ നിശ്ചയിച്ചു.

1. ഓരോ ഭദ്രാസനവും അതാത് ഭദ്രാസനങ്ങളുടെ സാഹചര്യം അനുസരിച്ച്, വി. യൗസേപ്പിനായി നീക്കിവച്ചിരിക്കുന്ന ഈ വർഷം അർത്ഥപൂർണ്ണമായി കർമ്മപരിപാടികൾ നടത്തുക.

2. വി. യൗസേപ്പ് പിതാവിനോടുള്ള മധ്യസ്ഥ പ്രാർത്ഥന വി. കുർബാനയോടുചേർന്നും ഭവനങ്ങളിൽ സന്ധ്യാപ്രാർത്ഥനയോട് ചേർന്നും നടത്തണം.

3. വി. യൗസേപ്പ് പിതാവിന്റെ ജീവിത മാതൃകയും ദർശനവും കൃപനിറയുന്ന കുടുംബങ്ങളുമായി ബന്ധിപ്പിച്ച് പരിപാടികൾ സംഘടിപ്പിക്കുക. ഈ ദർശനങ്ങൾ ജീവിതത്തിൽ സ്വാംശീകരിക്കുന്നതിന് വിശ്വാസികൾ പ്രയത്നിക്കണം.

4. വി. യൗസേപ്പ് പിതാവിന്റെ തിരുനാൾ ദിനമായ മാർച്ച് 19 സമുചിതമായി ഓരോ ഇടവകയിലും ആഘോഷിക്കുക.

5. ഓരോ ഭദ്രാസനത്തിലും നടത്തപ്പെടുന്ന പരിപാടികളുടെ ഒരു സംക്ഷിപ്ത റിപ്പോർട്ട് തയ്യാറാക്കി അത്യഭിവന്ദ്യ കാതോലിക്കാ ബാവാ തിരുമേനിക്ക് സമർപ്പിക്കുക.

ആരാധനക്രമം സംബന്ധിച്ച് മലങ്കര സുറിയാനി കത്തോലിക്കാ സഭയുടെ പരമാധ്യക്ഷൻ അത്യഭിവന്ദ്യ മോറാൻ മോർ ബസേലിയോസ് കർദ്ദിനാൾ ക്ലീമിസ് കാതോലിക്കാബാവാ ചില മാർഗനിർദ്ദേശങ്ങൾ സഭയ്ക്കാകമാനം നൽകുന്നതാണ്.

2021 വർഷത്തെ പുനരൈക്യവാർഷികവും സഭാസംഗമവും മാർത്താണ്ഡം ഭദ്രാസനത്തിന്റെ രജത ജൂബിലിയോടനുബന്ധിച്ച് മാർത്താണ്ഡം ഭദ്രാസനത്തിന്റെ ആഭിമുഖ്യത്തിൽ നടത്തപ്പെടുന്നതാണ്.

പരിശുദ്ധ എപ്പിസ്ക്കോപ്പൽ സുന്നഹദോസിന്റെ കമ്മീഷൻ ഫോർ ഫാമിലിയുടെ ചെയർമാനായി അഭിവന്ദ്യ ആർച്ചുബിഷപ്പ് തോമസ് മാർ കൂറിലോസ് തിരുമേനിയെയും കമ്മീഷൻ ഫോർ എക്യുമെനിസം-ന്റെ ചെയർമാനായി അഭിവന്ദ്യ ജോഷ്വാ മാർ ഇഗ്നാത്തിയോസ് തിരുമേനിയെയും Commission for Religious- ന്റെ ചെയർമാനായി അഭിവന്ദ്യ സാമുവൽ മാർ ഐറേനിയോസ് തിരുമേനിയെയും സുന്നഹദോസ് തിരഞ്ഞെടുത്തു. സെമിനാരി കമ്മീഷൻ അംഗമായി അഭിവന്ദ്യ തോമസ് മാർ യൗസേബിയോസ് തിരുമേനിയെയും തിരഞ്ഞെടുത്തു.

അടിയന്തിരമായി സഭയിൽ ശ്രദ്ധിക്കേണ്ട വിവിധ വിഷയങ്ങ

ളെക്കുറിച്ചും സുന്നഹദോസ് പിതാക്കന്മാർ ചർച്ചചെയ്തു. വിവിധ പ്രേഷിത മേഖലകളുടെ വിലയിരുത്തലിനുശേഷം കാലാവധി പൂർത്തിയാക്കിയ സുന്നഹദോസ് കമ്മീഷൻ സെക്രട്ടറിമാർക്കു പകരമായി പുതിയ സെക്രട്ടറിമാരെ നിയമിച്ചു.


| | | |
|---|---|---|
| Theology, History and Publication | : | Rev. Dr. Jolly Karimbil |
| Clergy | : | Rev. Fr. Thomas Mukalumpurath |
| Seminary Formation | : | Rev. Dr. Sunny Mathew Kavuvilayil |
| Ecumenism and Dialogue | : | Rev. Fr. George Thekkadayil |
| Faith Formation | : | Rev. Fr. Joseph Valliyatt |
| Mastor of Ceremony of Common Liturgical Celebration | : | Rev. Dr. John Kuttiyil |

ഗൾഫ് മേഖലയുടെ പൊതു കോ-ഓർഡിനേറ്ററായി റവ. ഫാ. ജോൺ തുണ്ടിയത്തിനെ നിയമിച്ചു.

മേജർ ആർക്കി എപ്പിസ്‌ക്കോപ്പൽ കൂരിയായുടെ ചാൻസറി ഓഫീസ് സെക്രട്ടിയായി സേവനമനുഷ്ഠിച്ചിരുന്ന ബഹു. സി. അഞ്ജലി തെരേസ് ഡി.എം. പോങ്ങുമൂട് സെന്റ് മേരീസ് പ്രോവിൻസിന്റെ പ്രൊവിൻഷ്യൽ സുപ്പീരിയറായി തെരഞ്ഞെടുക്കപ്പെടുകയും ചാൻസറി ഓഫീസ് സെക്രട്ടറി ശുശ്രൂഷയുടെ കാലാവധി പൂർത്തിയാവുകയും ചെയ്തതിനാൽ പരി. സുന്നഹദോസ് അനുമോദനവും നന്ദിയും അറിയിച്ച് യാത്രയയപ്പ് നൽകി.

സഭയുടെ തലവനും പിതാവുമെന്ന നിലയിൽ പരി. സുന്നഹദോസിൽ പങ്കെടുത്ത എല്ലാ മെത്രാന്മാർക്കും അത്യഭിവന്ദ്യ കാതോലിക്കാബാവാ നന്ദിയർപ്പിച്ചു. സുന്നഹദോസിനായുള്ള ക്രമീകരണങ്ങൾ ചെയ്ത മേജർ ആർക്കി എപ്പിസ്‌ക്കോപ്പൽ കൂരിയായിലെ എല്ലാവർക്കും അത്യഭിവന്ദ്യ കാതോലിക്കാബാവാ നന്ദിയർപ്പിച്ചു. 2021 ഫെബ്രുവരി 24-ന് വൈകുന്നേരം 4 മണിക്ക് സമാപനപ്രാർത്ഥനയോടും അത്യഭിവന്ദ്യ കാതോലിക്കാബാവായുടെ ആശീർവാദത്തോടുംകൂടി സുന്നഹദോസ് സമാപിച്ചു.

## വന്ദ്യ ഗീവർഗീസ് ചേടിയത്ത് മൽപാനച്ചൻ നിര്യാതനായി



വന്ദ്യ ഗീവർഗീസ് ചേടിയത്ത് മൽപാനച്ചൻ 2021 ഫെബ്രുവരി 21-ന് നിര്യാതനായി. പത്തനംതിട്ട ഭദ്രാസനത്തിന്റെ ചാൻസിലർ ആയി ഏറെക്കാലമായി ശുശ്രൂഷ ചെയ്തുകയായിരുന്നു അദ്ദേഹം. ഫെബ്രുവരി 25 വ്യാഴാഴ്ച ഉച്ചയ്ക്ക് 2 മണിക്ക് മോറാൻ മോർ ബസേലിയോസ് കർദ്ദിനാൾ ക്ലീമിസ് കാതോലിക്കാബാവായുടെ മുഖ്യകാർമ്മികത്വത്തിൽ അതിരുങ്കൽ ദൈവാലയത്തിൽ സംസ്കാരം ശുശ്രൂഷ നടന്നു.

കേരള കത്തോലിക്കാ സഭയിലെ അനേകം പിതാക്കന്മാരുടേയും വൈദികരുടെയും ഗുരുവും സുറിയാനി ഭാഷാപണ്ഡിതനും ദൈവശാസ്ത്രജ്ഞനും സഭാചരിത്രകാരനും നൂറ്റിയിരുപതോളം പുസ്തകങ്ങളുടെ രചയിതാവുമാണ് വന്ദ്യ മൽപാനച്ചൻ. വിവിധ സെമിനാരികളിൽ അധ്യാപകനായി ശുശ്രൂഷ ചെയ്തിട്ടുണ്ട്.

# ഭദ്രാസന വാർത്തകൾ

**സിൽവർ ജൂബിലി ആഘോഷം**

സമർപ്പണ ജീവിതത്തിൽ 25 വർഷങ്ങൾ പൂർത്തിയാക്കിയ ബഹുമാനപ്പെട്ട സിസ്റ്റർ നീത എസ്.ഐ.സിയുടെ സിൽവർ ജൂബിലി സമാപന ആഘോഷം കുഴിഞ്ഞാൻവിള സെന്റ് മേരീസ് മലങ്കര സുറിയാനി കത്തോലിക്കാ ദൈവാലയത്തിൽ വച്ച് 2021 ഫെബ്രുവരി 11-ാം തീയതി സംഘടിപ്പിച്ചു. പാറശ്ശാല ഭദ്രാസനാദ്ധ്യക്ഷൻ അഭിവന്ദ്യ തോമസ് മാർ യൗസേബിയോസ് പിതാവിന്റെ മുഖ്യകാർമികത്വത്തിൽ വിശുദ്ധ കുർബാന അർപ്പിക്കുകയും തുടർന്ന് അനുമോദന സമ്മേളനവും സ്നേഹവിരുന്നും സംഘടിപ്പിക്കുകയും ചെയ്തു.

## ഉപദേശി സംഗമം

പാറശ്ശാല വൈദിക ജില്ലയിലെ ഇടവകയിലെ ഉപദേശിമാരുടെ സംഗമം 2021 മാർച്ച് 7 ഞായറാഴ്ച ഉച്ചയ്ക്കു ശേഷം പാറശ്ശാല സെന്റ് മേരീസ് കത്തീഡ്രൽ ദൈവാലയത്തിൽ വച്ച് നടന്നു. ഭദ്രാസന മിഷൻ കോർഡിനേറ്റർ റവ. ഫാ. പ്രഭീഷ് ജോർജ്ജ് നേതൃത്വം നൽകിയ സംഗമത്തിൽ എട്ട് ഉപദേശിമാർ പങ്കെടുത്തു. വൈദിക ജില്ലാ അതിർത്തിയിലെ പ്രദേശങ്ങളിലെ മിഷൻ സാധ്യതകളെക്കുറിച്ചുള്ള വിശദമായ ആലോചനകൾ തദവസരത്തിൽ നടന്നു.





# വിശ്വാസ പരിശീലന കാര്യാലയം

## സൺഡേ സ്കൂൾ വാർഷിക പരീക്ഷ

സൺഡേ സ്കൂൾ വാർഷിക പരീക്ഷ 2021 മെയ് 16 ന് ഇടവകതലത്തിൽ നടത്തുന്നതാണ്. പരീക്ഷ നടത്തുന്ന ക്ലാസുകൾ - ക്ലാസ്സ് 1 മുതൽ 9 വരെയും 11-ാം ക്ലാസ്സും.

ഭദ്രാസനതല പരീക്ഷ ജില്ലാ കേന്ദ്രങ്ങളിൽ വച്ച് 2021 ജൂൺ 6 ന് നടത്തുന്നതാണ്. പരീക്ഷ നടക്കുന്ന ക്ലാസുകൾ 10, 12, ഡിഗ്രി 1, 2 എന്നിവയാണ്.

പരീക്ഷകൾ കോവിഡ് പ്രോട്ടോക്കോൾ പാലിച്ചു നടത്തുന്നതാണ്. രജിസ്ട്രേഷൻ പൂർത്തിയായി.

## ബൈബിൾ പകർത്തിയെഴുത്ത് മത്സരം

വിഷയം : വി. മത്തായി എഴുതിയ സുവിശേഷം. സൺഡേസ്കൂളിൽ അഞ്ച് മുതൽ ക്ലാസ്സുകളിൽ പഠിക്കുന്നവർക്ക് പങ്കെടുക്കാം. ഒന്ന്, രണ്ട്, മൂന്ന് സ്ഥാനം നേടുന്നവർക്ക് സമ്മാനം ലഭിക്കുന്നതാണ്.

## ആദ്യകുർബാന സ്വീകരിച്ച കുട്ടികളുടെ സംഗമം

ആദ്യകുർബാന സ്വീകരിച്ച കുട്ടികളുടെ സംഗമം 2021 ജൂൺ 26 ന് സംഘടിപ്പിക്കുന്നതാണ്. 2020 ജൂൺ ഒന്നിന് ശേഷം ആദ്യകുർബാന സ്വീകരിച്ചവർക്ക് പങ്കെടുക്കാം.

കോവിഡ് സാഹചര്യത്തിൽ നടത്താൻ സാധിക്കാതെപോയ 2019-2020 വർഷത്തെ 10, 12 ക്ലാസുകളിലെ പരീക്ഷ ഇടവകകളിൽ വച്ച് നടത്തി, ജില്ലകളിൽ നൽകുകയും ജില്ലയിൽ ഒന്ന് രണ്ട് മൂന്ന് സ്ഥാനം ലഭിച്ചവരെ അനുമോദിക്കുകയും ചെയ്തു.

എക്സിക്യൂട്ടീവ് മീറ്റിംഗിൽ എടുത്ത തീരുമാനപ്രകാരം എം.സി.സി.എല്ലിന്റെ പ്രവർത്തനങ്ങൾ സജീവമാക്കുന്നതിന്റെ ഭാഗമായി ജനുവരി മാസം മുതൽ ഓരോ കർമ്മ പദ്ധതികൾ പ്ലാൻ ചെയ്തു.

നഴ്സറി കുട്ടികളുടെ അഭിനയഗാനം വീഡിയോ രൂപത്തിലാക്കി നൽകി മത്സരം സംഘടിപ്പിക്കുകയും വിജയികളെ കണ്ടെത്തുകയും

ചെയ്തു. മികച്ച ഏതാനും ആക്ഷൻ സോങ്ങുകൾ യൂ ട്യൂബ് ചാനലിൽ പ്രസിദ്ധം ചെയ്യാനായി തെരഞ്ഞെടുത്തു.

50 നോമ്പിനോടനുബന്ധിച്ച് എല്ലാ ദിവസവും വിവിധ ഇടവകകളിലെ കുട്ടികൾ നോമ്പുകാല ചിന്തകൾ ഭദ്രാസന ചാനലിലൂടെ അവതരിപ്പിച്ചു.

1-12 ക്ലാസ്സുകളിലെ മതബോധന ക്ലാസുകൾ ഓൺലൈനായി ക്രമീകരിച്ചു. ബഹുമാനപ്പെട്ട വൈദികർ, സിസ്റ്റേഴ്സ്, ശെമ്മാശൻമാർ, സണ്ടേസ്കൂൾ അധ്യാപകർ എന്നിവർ നേതൃത്വം നൽകി.



# സൊസൈറ്റി ഓഫ് സെന്റ് വിൻസെന്റ് ഡി പോൾ

## സൊസൈറ്റി ഓഫ് സെന്റ് വിൻസെന്റ് ഡി പോൾ മൈലക്കര ഏരിയാ കൗൺസിൽ വാർഷികം

സൊസൈറ്റി ഓഫ് സെന്റ് വിൻസെന്റ് ഡി പോൾ മൈലക്കര ഏരിയാ കൗൺസിൽ വാർഷികം 2021 ഫെബ്രുവരി 20 ശനിയാഴ്ച ഉച്ചകഴിഞ്ഞ് 2 മണിക്ക് മൈലക്കര സെന്റ് പോൾസ് ദൈവാലയത്തിൽ വച്ച് നടന്നു. വാർഷിക സമ്മേളനത്തിൽ AC പ്രസിഡന്റ് സജി പന്ത അധ്യക്ഷത വഹിച്ചു. CC ട്രഷറർ ഐ. വേലപ്പൻ ഉദ്ഘാടനം ചെയ്തു. AC ആത്മീക ഉപദേഷ്ടാവ് റവ. ഫാ. ജോസ് പാറയിൽകട ആത്മീയ സന്ദേശം നൽകി. AC സെക്രട്ടറി ജോസ് റിപ്പോർട്ട് അവതരിപ്പിച്ചു. AC ട്രഷറർ ജയിംസ് കണക്ക് അവതരിപ്പിച്ചു. CC വൈസ്പ്രസിഡന്റ് രാജൻ പൂഴനാട്, AC ജോയിന്റ്സെക്രട്ടറി നിഷ, വനിതാ പ്രതിനിധി ബിന്ദു കടമ്പറ എന്നിവർ ആശംസകൾ അറിയിച്ചു.

## ജീവകാരുണ്യനിധി

സൊസൈറ്റി ഓഫ് സെന്റ് വിൻസെന്റ് ഡി പോൾ പാമാംകോട് ഏരിയാ കൗൺസിലിന്റെ പരിധിയിൽ വരുന്ന വിവിധ കോൺഫറൻസുകളുടെ ജീവകാരുണ്യ പ്രവർത്തനങ്ങൾക്കായി പാമാംകോട് ഏരിയാ കൗൺസിലിന്റെ ആഭിമുഖ്യത്തിൽ ജീവകാരുണ്യനിധിക്ക് രൂപം നൽകി. രോഗികൾക്കും വിദ്യാർത്ഥികൾക്കും പ്രയോജനപ്പെടുന്ന തരത്തിലാണ് ഈ ജീവകാരുണ്യനിധിക്ക് രൂപം നൽകിയിരിക്കുന്നത്.



# എം.സി.വൈ.എം.

## അസീസ്സിയൻസ് ഫ്രേറ്റേണിറ്റി 2021

പാറശ്ശാല ഭദ്രാസനത്തിലെ യുവജന പ്രസ്ഥാനത്തിന്റെ 2021 വർഷത്തെ കർമ്മപദ്ധതികളുടെ ഉദ്ഘാടനം ഭദ്രാസന അദ്ധ്യക്ഷൻ അഭിവന്ദ്യ തോമസ് മാർ യൗസേബിയോസ് പിതാവ് 2021 ഫെബ്രുവരി 21 ഞായറാഴ്ച പുത്തൻകാവുവിള ദൈവാലയത്തിൽ വച്ച് നിർവഹിച്ചു. കാട്ടാക്കട വൈദികജില്ലയുടെ ആഭിമുഖ്യത്തിൽ നടന്ന ഉദ്ഘാടന പരിപാടികൾ ഭദ്രാസന ആനിമേറ്റർ സി. സംപ്രീത ഡി.എം. പാതക ഉയർത്തിയതോടെ ആരംഭിച്ചു. തുടർന്ന് ഈ വർഷത്തെ പഠനവിഷയം, **യുവജനങ്ങൾ സാഹോദര്യത്തിന്റെ അപ്പസ്തോലർ**, ബഹു. ഫാ. ഡൊമിനിക് സാവിയെ ഒ.ഐ.സി. അവതരിപ്പിച്ചു.

വിവേചമില്ലാതെ എല്ലാവർക്കും നാടാർ സംവരണം ലഭ്യമാക്കാൻ മലങ്കര സുറിയാനി കത്തോലിക്കാ സഭ നൽകിയ നീതിസമരത്തിന്റെ നാൾവഴികൾ രൂപതാ പാസ്റ്ററൽ കൗൺസിൽ സെക്രട്ടറി ബാർ ഈത്തോ കാശീറോ പുത്രൻ പി. പൗലോസ് എട്ടുകുറ്റി അവതരിപ്പിച്ചു. കൃത്യം 4 മണിക്ക് രൂപതാ പ്രസിഡന്റ് ശ്രീ. ജസ്റ്റിൻ പൊന്നെടുത്തക്കുഴിയുടെ അദ്ധ്യക്ഷതയിൽ ആരംഭിച്ച ഉദ്ഘാടനം സമ്മേളനത്തിൽ പ്രവർത്തന പരിപാടികളുടെ ഉദ്ഘാടനവും കർമ്മപദ്ധതി പ്രകാശനവും അഭിവന്ദ്യ പിതാവ് നിർവഹിച്ചു. തദവസരത്തിൽ 5 വൈദികജില്ലകളുടെ കർമ്മപദ്ധതികളും അഭിവന്ദ്യ പിതാവ് ഉദ്ഘാടനം ചെയ്തു. ജനറൽ സെക്രട്ടറി ശ്രീമതി എയ്ഞ്ചൽ മേരി സ്വാഗതവും ഭദ്രാസന ഡയറക്ടർ ബഹു. പ്രഭീഷ് ജോർജ്ജ് അച്ചൻ ആമുഖ സന്ദേശവും നൽകി. ദീർഘനാളത്തെ സ്വപ്നമായ നാടാർ സംവരണം നേടിയെടുക്കാൻ നേതൃത്വം നൽകിയ മലങ്കര സുറിയാനി കത്തോലിക്കാ സഭ

യ്ക്കുള്ള വിശിഷ്യാ മോറാൻ മോർ ബസേലിയോസ് ക്ലീമീസ് കാതോലിക്കാബാവായ്ക്കും ഭദ്രാസനാദ്ധ്യക്ഷൻ അഭിവന്ദ്യ തോമസ് മാർ യൗസേബിയോസ് പിതാവിനുമുള്ള ആശംസാപ്രമേയം യുവജന പ്രസ്ഥാനത്തിനു വേണ്ടി ജനറൽ സെക്രട്ടറി അവതരിപ്പിക്കുകയും അഭിവന്ദ്യ പിതാവിനേയും ശ്രീ. പി. പൗലോസ് സാറിനെയും പൊന്നാട അണിയിച്ച് ആദരിക്കുകയും ചെയ്തു.

തദവസരത്തിൽ കഴിഞ്ഞ വർഷം പി.എസ്.സി. വഴി സർക്കാരുദ്യോഗം കരസ്ഥമാക്കിയ ഭദ്രാസനാംഗങ്ങളെ അഭിവന്ദ്യ പിതാവ് ആദരിച്ചു. അവരുടെ പ്രതിനിധിയായി ശ്രീ. കുഞ്ഞുമോൻ മറുപടി പ്രസംഗവും നടത്തി. അതോടൊപ്പം ലോക്ഡൗൺ കാലത്ത് നടത്തിയ ഓൺലൈൻ കലാമത്സരങ്ങളിൽ വിജയികളായവർക്കുള്ള സമ്മാനങ്ങളും അഭിവന്ദ്യ പിതാവ് വിതരണം ചെയ്തു. ജില്ലാ ഡയറക്ടർ ഫാ. സിറിൽ മാവിനഴികത്ത്, ജില്ലാ പ്രസിഡന്റ് ശ്രീ. ശ്യാംലാൽ, യൂണിറ്റ് വൈസ് പ്രസിഡന്റ് നിധിൻ മോഹൻ എന്നിവർ ആശംസാ പ്രസംഗം നടത്തി. രൂപതാ ട്രഷറർ ജഗിൻരാജ് ഏവർക്കും നന്ദിയർപ്പിച്ചു. അസി. ഡയറക്ടർ ബഹു. വിമൽ വിൻസെന്റ് അച്ചൻ സമാപന പ്രാർത്ഥന നടത്തി. സ്നേഹഭോജനത്തോടെ പരിപാടികൾ സമാപിച്ചു. പുത്തൻകാവുവിള യൂണിറ്റിലെ യുവജനങ്ങൾ നടത്തിയ കലാവിരുന്ന് പരിപാടികൾക്ക് മനോഹാരിത നൽകി. ക്രമീകരണങ്ങൾക്ക് നേതൃത്വം നൽകിയ പുത്തൻകാവുവിള യൂണിറ്റിലെ യുവജനങ്ങൾക്കും യൂണിറ്റ് ഡയറക്ടർ ബഹു. ജോൺ ഐക്കര അച്ചനും പ്രത്യേകം നന്ദി.

## നന്ദിയോടെ തിരുസന്നിധിയിൽ

ഒരു ജനതയുടെ സ്വപ്നങ്ങൾക്ക് ചിറകു മുളപ്പിച്ചുകൊണ്ട് നാടാർ സമുദായത്തിലെ എല്ലവർക്കും സംവരണാനുകൂല്യം ലഭ്യമാക്കാൻ നിതാന്ത പരിശ്രമം നടത്തിയ മലങ്കര സുറിയാനി കത്തോലിക്കാ സഭയുടെ തലവനും പിതാവുമായ മോറാൻ മോർ ബസേലിയോസ് ക്ലീമീസ് കാതോലിക്കാബാവായെ അനുമോദിക്കുന്നതിനും പാറശ്ശാല ഭദ്രാസനത്തിലെ യുവജനങ്ങളുടെ ആദരവുകൾ അറിയിക്കുന്നതിനുമായി പാറശ്ശാല ഭദ്രാസനത്തിലെ യുവജന നേതൃത്വം പട്ടം തിരുസന്നിധിയിൽ 2021 ഫെബ്രുവരി 8 തിങ്കളാഴ്ച വൈകിട്ട് ഒരുമിച്ചുക്കൂടി. അനുമോദന സമ്മേളത്തിൽ രൂപതാ ഡയറക്ടർ ബഹു. ഫാ. പ്രഭീഷ് ജോർജ്ജ്

ആമുഖ സന്ദേശം നൽകുകയും രൂപതാ പ്രസിഡന്റ് ശ്രീ. ജസ്റ്റിൻ പൊന്നെടുത്തക്കുഴി, മുൻപ്രസിഡന്റ് ശ്രീ. ഷൈൻ കുടയാൽ, രൂപതാ ജനറൽ സെക്രട്ടറി ശ്രീമതി എയ്ഞ്ചൽ മേരി എന്നിവർ ആശംസകൾ അറിയിച്ച് പ്രസംഗിച്ചു.

കാതോലിക്കാബാവായെ പൊന്നാട അണിയിച്ചും ബൊക്കെ നൽകിയും യുവജനങ്ങൾ ആശംസകളും സ്നേഹവും അറിയിച്ചു. മറുപടി പ്രസംഗത്തിൽ നാടാർ സംവരണം നേടിയെടുക്കാനായി നടത്തിയ പരിശ്രമങ്ങളെക്കുറിച്ചും ദൈവപരിപാലനയെക്കുറിച്ചും അത്യഭിവന്ദ്യ കാതോലിക്കാബാവാ പങ്കുവച്ചു. പ്രാർത്ഥനയിലൂടെയും ഗാന്ധിയൻ സമരമാർഗ്ഗങ്ങളിലൂടെയും നേടിയ വിജയമാണ് ഇതെന്ന് കാതോലിക്കാബാവാ ഓർമിപ്പിച്ചു. ഭദ്രാസന-ജില്ലാ സമിതി അംഗങ്ങൾ മുൻ ഭദ്രാസന-ജില്ലാ പ്രസിഡന്റുമാർ ഉൾപ്പെടെ അറുപതോളം യുവജനങ്ങൾ പങ്കെടുത്തു. ഭദ്രാസന സമിതി പരിപാടികൾക്ക് നേതൃത്വം നൽകി.

## പാറശ്ശാല സമരിറ്റൻസ് കർമ്മവീഥിയിൽ

പാറശ്ശാല ഭദ്രാസനത്തിലെ തിരുവല്ലം തിരുഹൃദയ ദൈവാലയത്തിൽ കോവിഡ് 19 ബാധിച്ചു മരിച്ച വ്യക്തിയുടെ ശവസംസ്ക്കാര ശുശ്രൂഷ പാറശ്ശാല ഭദ്രാസനത്തിലെ സമരിറ്റൻസ് ടീമിന്റെ നേതൃത്വത്തിൽ ഫെബ്രുവരി 4-ാം തീയതി നടത്തി. ക്രമീകരണങ്ങൾക്ക് നേതൃത്വം നൽകിയ വികാരി ബഹു. ജോർജ്ജ് വെട്ടിക്കാട്ടിലച്ചനും ജില്ലാ പ്രസിഡന്റ് ശ്രീ. അജീഷ് ലാലിനും യൂണിറ്റ് പ്രസിഡന്റ് ശ്രീ. ജസ്റ്റിനും പ്രത്യേകം നന്ദി.



## സിൻഡിക്കേറ്റ് മീറ്റിംഗ്

പാറശ്ശാല ഭദ്രാസന സിൻഡിക്കേറ്റ് അംഗങ്ങളുടേയും ജില്ലാ പ്രസിഡന്റ് സെക്രട്ടറിമാരുടേയും സംയുക്ത മീറ്റിംഗ് 2021 മാർച്ച് 3-ാം തീയതി ചെമ്പരത്തിവിള ദൈവാലയത്തിൽ വച്ച് നടന്നു. രൂപതാ പ്രസിഡന്റ് ശ്രീ. ജസ്റ്റിൻ പൊന്നെടുത്തക്കുഴിയുടെ അദ്ധ്യക്ഷതയിൽകൂടിയ സമ്മേളനം യുവജന പ്രസ്ഥാനത്തിന്റെ 2021 വർഷത്തെ കർമ്മപരിപാടികളെക്കുറിച്ച് വിശദമായി ചർച്ചചെയ്തു. ജനറൽ സെക്രട്ടറി ശ്രീമതി ഏയ്ഞ്ചൽ മേരി സ്വാഗതവും ട്രഷറർ ശ്രീ. ജഗിൻരാജ് നന്ദിയും പറഞ്ഞു. രൂപതാ ഡയറക്ടർ ബഹു. ഫാ. പ്രഭീഷ് ജോർജ്ജ്, അസി. ഡയറക്ടർ ബഹു. ഫാ. വിമൽ വിൻസെന്റ്, ആനിമേറ്റർ സി. സംപ്രീത ഡി.എം. എന്നിവരും സംബന്ധിച്ചു.

## പെണ്മയുടെ ശബ്ദം

പാറശ്ശാല ഭദ്രാസനത്തിലെ യുവജന പ്രസ്ഥാനത്തിന്റെ നേതൃത്വത്തിൽ **പെണ്മയുടെ ശബ്ദം** വനിതാ ദിനാഘോഷം 2021 മാർച്ച് 8 തിങ്കളാഴ്ച ഓൺലൈനായി സംഘടിപ്പിച്ചു. കെ.സി.വൈ.എം. സെനറ്റ് അംഗം ശ്രീമതി സൗപർണിക നടത്തിയ വി. വേദപുസ്തക പാരായണത്തോടെ ആഘോഷ പരിപാടികൾ ആരംഭിച്ചു. ഭദ്രാസന വൈസ്



പ്രസിഡന്റ് കുമാരി സെലിൻ ചന്ദ്രബാബുവിന്റെ അദ്ധ്യക്ഷതയിൽ നടന്ന പരിപാടികളിൽ ആയുഷ് കേരളയുടെ ഡയറക്ടർ ഡോ. ദിവ്യ എസ്. അയ്യർ ഐ.എ.എസ് മുഖ്യ പ്രഭാഷണം നടത്തി ഉദ്ഘാടനം ചെയ്തു. ഭദ്രാസന സെക്രട്ടറി കുമാരി റാണി പി.എസ്. സ്വാഗതവും കെ.സി.വൈ.എം. സെനറ്റ് മെമ്പർ കുമാരി അലീന കൃതജ്ഞതയും ആശംസിച്ചു.

## ഡിസാസ്റ്റർ മാനേജ്മെന്റ് ടീം പരിശീലനം

പാറശ്ശാല ഭദ്രാസനത്തിലെ യുവജനപ്രസ്ഥാനത്തിന്റേയും സാമൂഹിക ക്ഷേമ വിഭാഗത്തിന്റേയും നേതൃത്വത്തിൽ രൂപീകരിച്ച ഡിസാസ്റ്റർ മാനേജ്മെന്റ് ടീമിന്റെ ആദ്യപരിശീലനം 2021 മാർച്ച് 13 ശനിയാഴ്ച ചെമ്പരത്തിവിള ദൈവാലയത്തിൽ വച്ച് നടന്നു. ആദ്യഘട്ടമായി Fire & Rescue പരിശീലനം നൽകി. ഭദ്രാസന ഡയറക്ടർ ബഹു. പ്രഭീഷ് ജോർജ്ജ് അച്ചന്റെ അദ്ധ്യക്ഷതയിൽ നടന്ന ഉദ്ഘാടന സമ്മേളനത്തിൽ ക്ഷേമ ഡയറക്ടർ ബഹു. ജോർജ്ജ് വെട്ടിക്കാട്ടിലച്ചൻ സ്വാഗതമാശംസിച്ചു. നെയ്യാറ്റിൻകര മുൻസിപ്പാലിറ്റി ചെയർമാൻ ശ്രീ പി. കെ. രാജ്മോഹനൻ പരിശീലനം ഉദ്ഘാടനം ചെയ്തു. നെയ്യാറ്റിൻകര ഫയർ സ്റ്റേഷനിലെ സീനീയർ ഓഫീസർ പ്രേംകുമാറിന്റെ നേതൃത്വത്തിലുള്ള ടീം പരിശീലന പരിപാടികൾക്ക് നേതൃത്വം നൽകി. എം.സി.വൈ.എം. ഭദ്രാസന വൈസ് പ്രസിഡന്റും ക്ഷേമ പ്രോഗാം കോർഡിനേറ്ററുമായ ശ്രീ. അരുൺ വെണ്ണിയൂർ ഏവർക്കും നന്ദി അർപ്പിച്ചു. ഉച്ചഭക്ഷണത്തോടെ പരിശീലന പരിപാടി അവസാനിച്ചു.




## ആശംസകൾ



കേരള കാത്തോലിക്കാ യുവജന പ്രസ്ഥാനത്തിന്റെ (കെ.സി.വൈ.എം.) വൈസ് പ്രസിഡന്റായി പാറ ശ്ശാല ഭദ്രാസനത്തിലെ കത്തീഡ്രൽ ഇടവകാംഗം അഗസ്റ്റിൻ ജോൺ തെരഞ്ഞെടുക്കപ്പെട്ടു. ഭദ്രാസന സമിതിയുടെ ആശംസകൾ.

## അസീസ്സിയൻസ് @ കാൽവരി

വലിയ നോമ്പുകാലത്ത് ക്രിസ്തുവിന്റെ പീഢാനുഭവത്തിൽ പങ്കു ചേരാനായി പാറശ്ശാല ഭദ്രാസനത്തിലെ യുവജനങ്ങളുടെ നേതൃത്വത്തിൽ 2021 മാർച്ചു 11 വ്യാഴാഴ്ച അസീസ്സിയൻസ് കാൽവരി എന്ന പേരിൽ പ്രാർത്ഥനായജ്ഞം സംഘടിപ്പിച്ചു. ജില്ലാ കേന്ദ്രങ്ങളിൽ വച്ചു നടന്ന പ്രാർഥനാശുശ്രൂഷയിൽ യുവജനങ്ങളുടെ നേതൃത്വത്തിൽ വി. കുരി ശിന്റെ വഴി, കരുണകൊന്ത, ദിവ്യകാരുണ്യാരാധന, വി. കുമ്പസാരം എന്നിവ നടത്തി. ബാലരാമപുരം വൈദിക ജില്ലയിലെ പാപ്പനംകോട് ദൈവാലയം, ചെമ്പൂര് വൈദികജില്ലയിലെ ഒറ്റശേഖരമംഗലം ദൈവാ ലയം, കാട്ടാക്കട വൈദികജില്ലയിലെ കാനാക്കുഴി ദൈവാലയം, കണ്ടല ദൈവാലയം, നെയ്യാറ്റിൻകര വൈദികജില്ലയിലെ കൊടങ്ങാവിള ദൈവ ലായം, പാറശ്ശാല വൈദിക ജില്ലയിലെ പിൻകുളം ദൈവാലയം എന്നി വിടങ്ങളിൽവച്ച് നടന്ന പ്രാർത്ഥനായജ്ഞത്തിനുള്ള ക്രമീകരണ ങ്ങൾക്ക് അതാതു ജില്ലാസമിതികൾ നേതൃത്വം നൽകി.





## മലങ്കര കാത്തലിക് അസോസിയേഷൻ (MCA)

### എം.സി.എ. രജതജൂബിലി സമാപന സമ്മേളനവും ആദരിക്കലും

പാറശ്ശാല ഭദ്രാസന സമിതിയുടെ നേതൃത്വത്തിൽ എം.സി.എ. രജതജൂബിലി സമാപന സമ്മേളനവും ആദരിക്കലും പാറശ്ശാല കത്തീ ഡ്രലിൽ വച്ച് 2021 മാർച്ച് 21 ഞായറാഴ്ച ഉച്ചയ്ക്ക് രണ്ട് മണിക്ക് നടന്നു. കർദ്ദിനാൾ ക്ലീമിസ് കാതോലിക്കാബാവാ തിരുമേനി മുഖ്യപ്രഭാഷണം നടത്തി. അഭിവന്ദ്യ തോമസ് മാർ യൗസേബിയൂസ് പിതാവ് ഉദ്ഘാടനം നിർവ്വഹിച്ചു. നാടാർ സംവരണ വിഷയത്തിൽ സജീവമായി പ്രവർത്തിച്ച ബാവാ തിരുമേനിക്ക് അഭിവന്ദ്യ തോമസ് മാർ യൗസേബിയോസ് പിതാവ് ഉപഹാരം നൽകി.

എം.സി.എ. പ്രസിഡന്റ് ധർമ്മരാജ് പിൻകുളം അധ്യക്ഷനാ യിരുന്ന സമ്മേളനത്തിൽ, സെക്രട്ടറി സബീഷ് പീറ്റർ സ്വാഗതം ആശം സിക്കുകയും ഡയറക്ടർ റവ. ഫാ. ഹോർമ്മീസ് പുത്തൻവീട്ടിൽ ആമുഖ പ്രഭാഷണം നടത്തുകയും ചെയ്തു. ട്രഷറർ സുമനലാലും നന്ദി അർപ്പിച്ചു. വൈദികരും സിസ്റ്റേഴ്സും ഇടവക പ്രതിനിധികളും പങ്കെടുത്തു.





# മാതൃവേദി

## മാതൃവേദി മീറ്റിംഗ്

മാതൃവേദി ഭദ്രാസന സമിതിയും ജില്ലാ സമിതികളും സംയുക്തമായി 2021 ഫ്രെുവരി 6 ന് നെയ്യാറ്റിൻകര ഹോളി ഏഞ്ചൽസ് സ്കൂളിൽ വച്ചു മീറ്റിംഗ് നടന്നു. ഭദ്രാസന മാതൃവേദി അംഗങ്ങളുടെ വിശ്വാസ ജീവിതത്തിൽ വന്ന മാറ്റങ്ങളെക്കുറിച് ചർച്ച ചെയ്തു. ലോക മാതൃദിനമായ മെയ് 9, കോവിഡ് പ്രോട്ടോകോൾ മുൻനിർത്തി ആചരിക്കാൻ തീരുമാനിച്ചു.

## ക്രൂശിതനൊപ്പം



കർത്താവിന്റെ പീഡാസഹനത്തോട് ചേർന്ന് നിന്നുകൊണ്ട് സഭ അനുഷ്ഠിക്കുന്ന 50 നോമ്പി നോടനുബന്ധിച്ചു നെയ്യാറ്റിൻകര വൈദിക ജില്ലാ മാതൃവേദിയുടെ നേതൃത്വത്തിൽ നാല്പതാം വെള്ളിയായ 2021 മാർച്ച് 11 ന് പ്രാർഥനദിനമായി ആചരിച്ചു. നെയ്യാറ്റിൻകര ജില്ലാ എം.സി.വൈ.എംനൊപ്പം സംയുക്തമായാണ് പ്രാർത്ഥന നടത്തിയത്. വൈകുന്നേരം 5 മണി മുതൽ 7 മണി വരെ കൊടങ്ങാവിള സെന്റ് ജോർജ് മലങ്കര സുറിയാനി കത്തോലിക്ക ദൈവാലയത്തിൽ വച്ചു നടന്ന പ്രാർത്ഥനാ ദിനത്തിൽ വിശുദ്ധ കുരിശിന്റെ വഴി, കരുണ കൊന്ത, ആരാധന, കുമ്പസാരം എന്നിവ നടത്തി. ദിവ്യകാരുണ്യ ആരാധനക്ക് നെയ്യാറ്റിൻകര വൈദികജില്ലാ വികാരി റവ. ഫാ. ആന്റണി പ്ലാമ്പറമ്പിൽ നേതൃത്വം നൽകി. ജില്ലയിലെ ബഹുമാനപ്പെട്ട വൈദികരും സിസ്റ്റേഴ്സും മാതൃവേദി അംഗങ്ങളും യുവജനങ്ങളും പങ്കെടുത്തു. നിലവിലെ മാതൃവേദി ഡയറക്ടർ റവ. ഫാ. ഷീൻ തങ്കാലയം ജില്ലാ എം.സി.വൈ.എം. ഡയറക്ടറായി നിയമിതനാവുകയും മാതൃവേദിയുടെ പുതിയ ഡയറക്ടർ ആയി റവ. ഫാ. ഗീവർഗീസ് OIC സ്ഥാനമേറ്റെടുക്കുകയും ചെയ്തു.

# കുടുംബ പ്രേഷിത കാര്യാലയം



## വിവാഹ ഒരുക്കസെമിനാർ

2021 മാർച്ച് 5, 6 തീയതികളിൽ ചെമ്പരത്തിവിള ദൈവാലയത്തിൽ വച്ച് രണ്ടാമത്തെ വിവാഹ ഒരുക്ക സെമിനാർ നടന്നു. കുടുംബങ്ങൾ – സ്നേഹത്തിന്റെ ഭവനം, ജീവന്റെ ഉറവിടം, വിശ്വാസത്തിന്റെ പാഠശാല എന്നീ ത്രിവിധ പ്രത്യേകതകളെ ചൂണ്ടിക്കാട്ടികൊണ്ട് തോമസ് മാർ യൗസേബിയോസ് പിതാവ് ക്ലാസ്സുകൾക്ക് ആരംഭം കുറിച്ചു. കൃപ നിറയുന്ന എന്ന വിഷയത്തെ കേന്ദ്രീകരിച്ചുകൊണ്ട് വിവിധ ക്ലാസ്സുകൾ നടന്നു. 28 യുവാക്കന്മാരും 26 യുവതികളും ഉൾപ്പെടെ 54 പേർ വിവിധ ഇടവകകളിൽ നിന്നും ഈ സെമിനാറിൽ പങ്കെടുത്തു.

5–ാം തീയതി വെള്ളിയാഴ്ച രാവിലെ 8.00 ന് ആരംഭിച്ച് 6–ാം തീയതി ശനിയാഴ്ച വൈകിട്ട് 6 മണിക്ക് സമാപിച്ച സെമിനാറിൽ റവ. ഡോ.വർഗീസ് നടുതല, റവ. ഡോ. പ്രഭീഷ് ജോർജ്ജ്, റവ. ഡോ. ജോർജ്ജ് തോമസ്, റവ. ഫാ. ഷീൻ തങ്കാലയം, റവ. ഫാ. ഐസക് മാവറവിളാകം, ഡോ. ജോയി ജോൺ, ഡോ. സോണി ജോസ്, ശ്രീ. രഞ്ചിത്ത്, ശ്രീ. നിക്സൻ ലോപ്പസ്, പ്രഫ. ജോർജ്ജ് ജോസഫ് എന്നിവർ ക്ലാസ്സുകൾക്ക് നേതൃത്വം നൽകി.

ശനിയാഴ്ച ഉച്ചയ്ക്ക് 2.30 മുതൽ മാതാപിതാക്കൾക്ക് വേണ്ടി റവ. ഫാ. ജോബി ധ്യാനവും ആരാധനയും നടത്തി. റവ. സി. ലൂസിയ ഡി.എം., റവ. സി. ജിൻസി റോസ്, റവ. സി. അനശ്വര ഡി.എം., റവ. സി. ഗ്രേസി എന്നിവർ സെമിനാറിന്റെ ക്രമീകരണങ്ങൾക്ക് നേതൃത്വം നൽകി.



# Kshema Integrated Development Society (KIDS)

## ഫയർ ആൻഡ് റസ്ക്യൂ ട്രെയിനിങ് പ്രോഗ്രാം

എം.സി.വൈ.എം. അംഗങ്ങളെ ഉൾപ്പെടുത്തിക്കൊണ്ട് ക്ഷേമ ഇന്റഗ്രേറ്റഡ് ഡെവലപ്മെന്റ് സൊസൈറ്റി നടത്തിയ ഫയർ ആൻഡ് റെസ്ക്യൂ ട്രെയിനിങ് പ്രോഗ്രാം 2021 മാർച്ച് 13 ശനിയാഴ്ച ചെമ്പര ത്തിവിള ഇടവകയിൽ വച്ച് നടന്നു. റവ. ഫാ. ജോർജ്ജ് വെട്ടിക്കാട്ടിൽ (ഡയറക്ടർ, ക്ഷേമ) യോഗത്തിന് സ്വാഗതം ആശംസിച്ചു. റവ. ഡോ. പ്രഭീഷ് ജോർജ് (എം.സി.വൈ.എം. പാറശാല ഭദ്രാസന ഡയറക്ടർ) അധ്യക്ഷനായിരുന്ന യോഗം ശ്രീ. പി. കെ. രാജ്മോഹൻ (ചെയർമാൻ, നെയ്യാറ്റിൻകര മുനിസിപ്പാലിറ്റി) ഉദ്ഘാടനം ചെയ്തു. നെയ്യാറ്റിൻകര ഫയർസ്റ്റേഷൻ സീനിയർ ഓഫീസർ ശ്രീ. പ്രേംകുമാറിന്റെ നേതൃത്വത്തിൽ പരിശീലന ക്ലാസ്സ് നടന്നു. കിഡ്സ് പ്രൊജക്റ്റ് കോഡിനേറ്റർ ശ്രീ. അരുൺ കൃതജ്ഞത അർപ്പിച്ചു.



## നീന്തൽ പരിശീലനം

ക്ഷേമ, എം.സി.വെ.എം. എന്നിവയുടെ നേതൃത്വത്തിൽ പാറശ്ശാല ഭദ്രാസനത്തിലെ എം.സി.വൈ.എം. അംഗങ്ങളെ ഉൾപ്പെടുത്തിക്കൊണ്ട് 2021 മാർച്ച് 13 ന് ചെമ്പരത്തിവിള ദൈവാലയത്തിൽ വച്ച് നീന്തൽ പരിശീലനം സംഘടിപ്പിച്ചു. പരിശീലനം എം.സി.വൈ.എം. പാറശ്ശാല ഭദ്രാസന ഡയറക്ടർ റവ. ഡോ. പ്രഭീഷ് ജോർജ്ജ് ഉദ്ഘാടനം ചെയ്തു.




## WDMC മീറ്റിംഗ്

2021 മാർച്ച് 24–ാം തീയതി WDMC മീറ്റിംഗ് ചെമ്പരത്തിവിള ദൈവാലയത്തിൽ വച്ച് സംഘടിപ്പിച്ചു. യോഗത്തിന് റവ. ഫാ. ഫാദർ ജോർജ്ജ് വെട്ടിക്കാട്ടിൽ സ്വാഗതം ആശംസിച്ചു. തൊഴുക്കൽ വാർഡ് മെമ്പർ ശ്രീമതി സുകുമാരി യോഗം ഉദ്ഘാടനം ചെയ്യുകയും റവ. ഡോ. പ്രഭീഷ് ജോർജ്ജ് അധ്യക്ഷത വഹിക്കുകയും ചെയ്തു. കാരിത്താസ് ഇന്ത്യയുടെ കേരളാ പ്രധിനിധി ശ്രീ. അഭീഷ് ആന്റണി ക്ഷേമ ഇന്റഗ്രേറ്റഡ് ഡെവലപ്മെന്റ് സൊസൈറ്റിയുടെ പ്രവർത്തനങ്ങൾ വിലയിരുത്തുകയും പ്ലാവിള, തൊഴുക്കൽ വാർഡുക്കളിൽ SHG (Small House Group) ആരംഭിക്കുകയും ചെയ്തു. KIDS പ്രോജക്ട് കോ–ഓർഡിനേറ്റർ ശ്രീ. അരുൺ കൃതജ്ഞത അർപ്പിച്ചു. അറുപതോളം പേർ യോഗത്തിൽ പങ്കെടുത്തു.



# വിദ്യാഭ്യാസം

## പാറശാല ഭദ്രാസന ടീച്ചേഴ്സ് ഗിൽഡ്




പാറശ്ശാല ഭദ്രാസന ടീച്ചേഴ്സ് ഗിൽഡ് വാർഷികവും സർവ്വീസിൽ നിന്നും വിരമിക്കുന്ന നാല് അധ്യാപകരുടെ യാത്രയയപ്പ് സമ്മേളനവും സെന്റ് ക്രിസോസ്റ്റോംസ് ഗേൾസ് ഹൈസ്കൂളിൽ വച്ച് 2021 മാർച്ച് 24 ബുധനാഴ്ച നടന്നു.

റൈറ്റ് റവ. മോൺ. വർക്കി ആറ്റുപുറം, ദേശീയ വിദ്യാഭ്യാസ നയം – 2020 എന്ന വിഷയാസ്പദമായി നടന്ന സെമിനാർ നയിച്ചു. തുടർന്നു നടന്ന വാർഷിക സമ്മേളനത്തിൽ പാറശ്ശാല ഭദ്രാസന കറസ്പോണ്ടന്റ് റവ. ഫാ. ഷീൻ തങ്കാലയം സ്വാഗതം ആശംസിച്ചു. ഗിൽഡ് സെക്രട്ടറി ശ്രീ. ജാക്സൺ വാർഷിക റിപ്പോർട്ട് അവതരിപ്പിക്കുകയും ഗിൽഡ് ട്രഷറർ ശ്രീമതി. മിനി കണക്കവതരിപ്പിക്കുകയും ചെയ്തു. ഗിൽഡ് പ്രസി ഡന്റ് ശ്രീ. ജോർജ് രത്നം അധ്യക്ഷത വഹിച്ച സമ്മേളനം പാറശ്ശാല ഭദ്രാസനാദ്ധ്യക്ഷൻ അഭിവന്ദ്യ തോമസ് മാർ യൗസേബിയോസ് മെത്രാപ്പോലീത്താ ഉദ്ഘാടനം ചെയ്തു. റൈറ്റ് റവ. മോൺ. സെലിൻ ജോസ് കോണത്തുവിള (വികാരി ജനറൽ, പാറശ്ശാല ഭദ്രാസനം) മുഖ്യപ്രഭാഷണം നടത്തി. ഗിൽഡ് പ്രതിനിധി റവ. സി. ശോഭിത ഡി.എം.

വിരമിക്കുന്ന അദ്ധ്യാപകർക്ക് ആശംസകൾ അറിയിച്ചു. സെന്റ് ക്രിസോസ്റ്റോംസ് ഗായകസംഘം ആശംസാഗാനം അവതരിപ്പിച്ചു.

സർവ്വീസിൽ നിന്നും വിരമിക്കുന്ന അദ്ധ്യാപകരായ ശ്രീമതി ഡോളി (ഹെഡ്മിസ്ട്രസ്, M.S.C. L.P.S. പാമാംകോട്), ശ്രീമതി സരോജിനി (M.S.C. L.P.S. പാമാംകോട്), ശ്രീമതി ഷൈലജാദേവി (സെന്റ് ജോസഫ് U.P.S. വെണ്ണിയൂർ), ശ്രീ. ജോൺസൺ ജോർജ്ജ് (M.S.C. L.P.S. പൊന്നുമംഗലം) എന്നിവർക്ക് പിതാവ് ഉപഹാര സമർപ്പിക്കുകയും സന്നിഹിതരായിരുന്ന രണ്ട് അദ്ധ്യാപകർ മറുപടി പ്രസംഗം നടത്തുകയും ചെയ്തു. അതിനുശേഷം ഗിൽഡ് അധ്യാപകർക്കായി നടത്തിയ ഓൺലൈൻ മത്സരങ്ങളിൽ സമ്മാനാർഹരായവർക്കുള്ള സമ്മാനദാനം നടത്തി. ശ്രീമതി ലിറ്റിൽ M P (ഹെഡ്മിസ്ട്രസ്, സെന്റ് ക്രിസോസ്റ്റോംസ് G.H.S. നെല്ലിമൂട്) സമ്മേളനത്തിന് കൃതജ്ഞതയർപ്പിച്ചു. ഗായകസംഘം പാപ്പാമംഗളം, ദേശീയഗാനം എന്നിവ ആലപിച്ചു. സനേഹഭോജനത്തോടെ വാർഷികം അവസാനിച്ചു.




## വിജയോത്സവം

നെല്ലിമൂട് സെന്റ് ക്രിസോസ്റ്റോംസ് ജി.എച്ച്.എസ്സിലെ വിജയോത്സവം 2021 മാർച്ച് 6-ാം തീയതി സംഘടിപ്പിച്ചു. പാറശ്ശാല ഭദ്രാസനാദ്ധ്യക്ഷൻ അഭിവന്ദ്യ തോമസ് മാർ യൗസേബിയോസ് മെത്രാപ്പോലീത്താ അദ്ധ്യക്ഷത വഹിച്ച ചടങ്ങ് സംഗീത സംവിധായകൻ പ്രശാന്ത് മോഹൻ ഉദ്ഘാടനം ചെയ്തു. 2020-21 അധ്യയന വർഷത്തിൽ 10 A+ നേടിയ 96 വിദ്യാർത്ഥികൾക്കും 9 A+ നേടിയ 56 വിദ്യാർത്ഥികൾക്കും ട്രോഫികൾ നൽകി ആദരിച്ചു. പാറശ്ശാല ഭദ്രാസന

കറസ്പോണ്ടന്റ് റവ. ഫാ. ഷീൻ തങ്കാലയം, പി.റ്റി.എ. പ്രസിഡന്റ്, ഹെഡ്മിസ്ട്രസ്സ്, സിസ്റ്റർ മേരി സ്റ്റീഫൻ (വിദ്യാഭ്യാസ കൗൺസിലർ) എന്നിവർ സന്നിഹിതരായിരുന്നു. അധ്യാപക പ്രതിനിധി ശ്രീമതി പ്രതിഭ വിദ്യാർത്ഥികൾക്ക് അനുമോദനം അർപ്പിച്ചു സംസാരിച്ചു. വിദ്യാർത്ഥി പ്രതിനിധി കുമാരി റിയ എസ്. ലാൽ വിദ്യാലയ ജീവിത അനുഭവങ്ങൾ പങ്കുവച്ചു. വിവിധ മേഖലകളിൽ തങ്ങളുടെ കലാവിരുന്ന് പ്രകടമാക്കിയ ഏതാനും യുവകലാകാരന്മാർക്ക് സാഹിത്യ അവാർഡ് ലഭിച്ചത് പങ്കു വയ്ക്കാനുള്ള വേദി കൂടിയായി മാറി.





# ബൈബിൾ അപ്പസ്തോലേറ്റ്

## സുവിശേഷസംഘം പാറശ്ശാല ഭദ്രാസനം

കൊറോണ എന്ന മഹാമാരിയുടെ പശ്ചാത്തലത്തിൽ നിർത്തി വച്ചിരുന്ന സുവിശേഷ സംഘത്തിന്റെ ഒരു മീറ്റിംഗ് 2021 ഫെബ്രുവരി ആറാം തീയതി ധനുവച്ചപുരം ഇടവകയിൽ വച്ച് കൂടുകയുണ്ടായി. സുവിശേഷസംഘത്തിന്റെ ഡയറക്ടർ ബഹുമാനപ്പെട്ട റിജോ അച്ചന്റെയും ആനിമേറ്റർ ദർശനാ സിസ്റ്ററിന്റെയും നേതൃത്വത്തിൽ കൂടിയ മീറ്റിംഗിൽ ചില പ്രധാന തീരുമാനങ്ങൾ എടുക്കുകയുണ്ടായി. പതിവുപോലെ എല്ലാമാസവും മീറ്റിംഗ് നടത്താമെന്ന് തീരുമാനിച്ചു. കൂടാതെ കൊറോണയുടെ പശ്ചാത്തലത്തിൽ കഷ്ടത അനുഭവിക്കുന്നവർക്ക് ഒരു ആശ്വാസമെന്ന നിലയ്ക്ക് ഓരോ വൈദിക ജില്ലയിലും രണ്ടോ മൂന്നോ പേർക്ക് 500 രൂപയിൽ കുറയാതെയുള്ള തുകയ്ക്ക് കിറ്റായിട്ടോ രൂപയായിട്ടോ വസ്ത്രമായിട്ടോ കൊടുക്കാൻ തീരുമാനിച്ചു. ഇത് അടുത്ത മാസത്തെ മീറ്റിങ്ങിനു വരുന്ന ദിവസം കൊടുക്കാമെന്ന് തീരുമാനിച്ചു. അതുപോലെതന്നെ ഓരോ സുവിശേഷ സംഘാംഗവും അവരുടെ വ്യക്തിഗത റിപ്പോർട്ട്, അതായത് ഉപവാസം, പ്രാർത്ഥന, യാമപ്രാർത്ഥനകൾ, വ്യക്തിഗത പ്രാർത്ഥന, രോഗീ സന്ദർശനം, ഭവന സന്ദർശനം തുടങ്ങി പത്ത് കാര്യങ്ങളിലുള്ള പങ്കാളിത്തത്തെക്കുറിച്ചുള്ള റിപ്പോർട്ട് തയ്യാറാക്കി അടുത്ത മാസത്തെ മീറ്റിങ്ങിന് വരുമ്പോൾ കൊണ്ടുവരാനും തീരുമാനിച്ചു.

തുടർന്ന് 2021 മാർച്ച് ആറാം തീയതി ധനുവച്ചപുരം ഇടവകയിൽ വച്ച് തന്നെ മീറ്റിംഗ് കൂടി. വിശുദ്ധ കുർബാന, മീറ്റിംഗ് എന്നിവ നടത്തി. അന്നും തുടർന്നുള്ള ദിവസങ്ങളിലുമായി കിറ്റ് വിതരണം നടത്തി. കിറ്റ് കൊടുത്തവരുടെ പേരും ഇടവകയും വൈദികജില്ലയും ഇവയാണ്.

## ലോഗോസ് ക്വിസ്

കോവിഡ് കാരണം മാറ്റിവച്ച ലോഗോസ് ക്വിസ് 2021 സെപ്റ്റംബർ മാസം 26-ാം തീയതി നടത്തുന്നതാണ്. പുതിയതായി ആരെങ്കിലും പേര് രജിസ്റ്റർ ചെയ്യാൻ ആഗ്രഹിക്കുന്നുണ്ടെങ്കിൽ 2021 മെയ് 30-ാം തീയതിയ്ക്ക് മുമ്പായി പേര് രജിസ്റ്റർ ചെയ്യേണ്ടതാണ്.